ഉത്തരം

(എ) ഉണ്ട്.

(ബി) 329.13 ലക്ഷം രൂപ.

(സി) 1,509 ലക്ഷം രൂപ.

(ഡി ആന്റ് ഇ) ഈ പാലത്തിന്റെ ശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിന് നബാർഡ്, ഹഡ്കോ എന്നീ ഏജൻസികളുമായി എഴുത്തുകുത്തു നടത്തിവരുകയാണ്. ധനസഹായം ലഭ്യമാക്കി എത്രയും വേഗം പാലം പണി പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

പത്തനംതിട്ട ജില്ലയിലെ പാലങ്ങളുടെ പണി തുടങ്ങാൻ നടപടി

306 [2363] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ മനയ്ക്കച്ചിറകടവ്, വള്ളംകുളം, മടത്തുംഭാഗം കടവ്, പടുതോട് കടവ്, കാവനാൽകടവ് പാലങ്ങളുടെ പണി വോളിയം I ബജറ്റിൽ ഉൾപ്പെടുത്തിയത് എന്നാണ്;

(ബി) ഈ പാലം പണിയുടെ ഭാഗമായി മണ്ണുപരിശോധന നടത്തിയോ; എങ്കിൽ എന്നാണ് നടത്തിയത്;

(സി) പ്രസ്തുത പാലം പണിയുടെ ഡിസൈൻ പൂർത്തിയാക്കിയോ; ഇതിൽ ഏതെല്ലാം പാലങ്ങളുടെ പണി എന്ന് തുടങ്ങിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പണി തുടങ്ങിയില്ലെങ്കിൽ അതു തുടങ്ങാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇനിയും പണി തുടങ്ങാനുള്ള പാലങ്ങളുടെ നിർമ്മാണം എന്നു തുടങ്ങാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മനയ്ക്കാച്ചിറകടവ് പാലം .. 1998-1999-ൽ

വള്ളംകുളം പാലം .. 1997-1998 ആന്റ് 1998-1999

മടത്തുംഭാഗം കടവ് പാലം .. 1998-1999-ൽ

പടുതോട് കടവ് പാലം .. 1998-1999-ൽ

കാവനാൽ കടവ് പാലം .. 1998-1999-ൽ

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണ്ണുപരിശോധന നടത്തിയ തീയതി ചുവടെ ചേർക്കുന്നു:

മനയ്ക്കാച്ചിറകടവ് പാലം	..	31-7-1998 മുതൽ 13-8-1998 വരെ
മടത്തുംഭാഗം കടവ് പാലം	..	18-5-1999 മുതൽ 11-6-1999 വരെ
വള്ളംകുളം കടവ് പാലം	..	18-5-1999 മുതൽ 11-6-1999 വരെ
കാവനാൽ കടവ് പാലം	..	18-5-1999 മുതൽ 1-6-1999 വരെ
പടുതോട് കടവ് പാലം	..	1/1999 മുതൽ 3/1999 വരെ

(സി) വള്ളംകുളം, പടുതോട് എന്നീ പാലങ്ങളുടെ ഡിസൈൻ പൂർത്തിയായി. മടത്തുംകടവ്, കാവനാൽ കടവ് എന്നീ പാലങ്ങളുടെ ഡിസൈൻ പൂർത്തിയായിട്ടില്ല. മനയ്ക്കാച്ചിറക്കടവ് പാലത്തിന്റെ പാലം പണി പൂർത്തിയായി, അപ്രോച്ച് റോഡിന്റെ പണികൾ നടന്നുവരുന്നു.

(ഡി ആന്റ് ഇ) ഇനിയും പണി തുടങ്ങാനുള്ള ടി പാലങ്ങൾക്ക് ഭരണാനുമതി നൽകി എത്രയുംവേഗം പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കമ്മാണ്ടിക്കടവിൽ പാലം നിർമ്മിക്കാൻ നടപടി

307 [2364] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം, ചാത്തമംഗലം എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കാൻ കമ്മാണ്ടിക്കടവിൽ ഒരു പാലം ഇല്ലാത്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മാണ്ടിക്കടവിൽ ഒരു പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എന്നത്തേക്ക് ഇതിന്റെ പണി തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ഈ പാലം നിർമ്മാണം പൊതുരാമത്ത് വകുപ്പിന്റെ ചുമതലയിൽപ്പെട്ടതല്ല.

എടമുളക്കടവ് പാലത്തിന്റെ നിർമ്മാണം

308 [2365] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ ഏലൂരും ചൂർണ്ണിക്കരയുമായി ബന്ധിപ്പിക്കുന്ന എടമുളക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly